I/287523/2022

നം: DIC/3007/2021-EE2

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്
മൂന്നാം നില, വികാസ് ഭവൻ
തിരുവനന്തപുരം, പിൻ : 695033
ഫോൺ നം. 0471 2302722
തീയതി:08-11-2022

**<u>സർക്കുലർ</u>**

വിഷയം :- വ്യവസായം - ജീവനക്കാര്യം - ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ SCORE മുഖേന സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) സ.ഉ. (സാധാ) നം. 3113/2021/പൊ.ഭ.വ തീയതി 18.08.2021 2) ഈ ഓഫീസിലെ 08.10.2021, 29.12.2021, 28.01.2022, 06.10.2022 ഇതേ നമ്പർ സർക്കുലറുകൾ

വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി സർക്കാർ ജീവനക്കാരുടെ സേവനകാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി സെപ്റ്റംബർ 1 മുതൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ധനകാര്യ (ഐ.റ്റി. സോഫ്റ്റ് വെയർ) വകുപ്പ് വികസിപ്പിച്ചെടുത്ത SCORE എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മുഖേന (www.score.kerala.gov.in) സമർപ്പിക്കുവാൻ നിർദേശം നൽകികൊണ്ട് ഉത്തരവായിരുന്നു. മേൽ സാഹചര്യത്തിൽ വകുപ്പിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ട എല്ലാ ജീവനക്കാരും SCORE -ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദേശങ്ങൾ നൽകികൊണ്ട് നിരവധി തവണ സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ റിപ്പോർട്ടിംഗ്/റിവ്യൂ ഓഫീസർമാരായ പലരും ഇനിയും SCORE-ൽ രജിസ്റ്റർ ചെയ്യാത്തതായി കാണുന്നു. ഇതു മൂലം പല ജീവനക്കാരുടെയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ യഥാസമയം ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇതു പല ജീവനക്കാരെയും DPC -യിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കും. ആയതിനാൽ വകുപ്പിലെ എല്ലാ റിപ്പോർട്ടിംഗ്/റിവ്യൂ ഓഫീസർമാരും തങ്ങളുടെ വിവരങ്ങൾ യഥാക്രമം SCORE ൽ റിപ്പോർട്ടിംഗ്/റിവ്യൂ സ്ഥാനങ്ങളിൽ സെറ്റ് ചെയ്തിട്ടുണ്ട് എന്ന് 14.11.2022 -ന് മുൻപായി ഉറപ്പുവരുത്തി ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഈ ഓഫീസിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം വകുപ്പിന്റെ നടപടികളിൽ കാല താമസം നേരിടുകയോ, ഏതെങ്കിലും ജീവനക്കാർക്ക് ലഭിക്കേണ്ട അർഹമായ സ്ഥാനകയറ്റമോ മറ്റ് ആനുകൂല്യങ്ങളോ സമയബന്ധിതമായി ലഭിക്കാതിരിക്കുകയും ചെയ്താൽ ആയതിന്റെ പൂർണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഓഫീസ് മേലധികാരിക്കായിരിക്കും.

2023 വർഷത്തെ DPC ചേരേണ്ടതിനാൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ട എല്ലാ ജീവനക്കാരും 31.12.2022 വരെയുള്ള കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ 10.01.2023 - ന് മുൻപായി SCORE മുഖേന സമർപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതല്ല. മേൽ വിഷയം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സംശയങ്ങൾക്ക് വകുപ്പിലെ നോഡൽ ഓഫീസറുമായി ബന്ധപ്പെടാവുന്നതാണ്.

I/287523/2022

**Signed by S. Harikishore**
**I A S**
**Date: 08-11-2022 11:47:35**

S. HARIKISHORE I A S
DIRECTOR

സ്വീകർത്താവ് :-

1) ഡയറക്ടർ, കയർ ഡയറക്ടറേറ്റ്
2) ഡയറക്ടർ, കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്
3) ജനറൽ മാനേജർ (എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളും)
4) ഉപജില്ലാ വ്യവസായ ഓഫീസർ (എല്ലാ ഉപജില്ലാ വ്യവസായ ഓഫീസുകളും)
5) ഡെപ്യൂട്ടി ഡയറക്ടർ , CFSC ചങ്ങനാശ്ശേരി
6) അസ്സിസ്സ്റ്റന്റ് ഡയറക്ടർ , CFSC മഞ്ചേരി
7) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ജീവനക്കാർ
8) ഡെപ്യൂട്ടി ഡയറക്ടർ, IT സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)